## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1276 20/03/2012 ൽ മറുപടിയ്ക്ക്

### പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ അലവൻസുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര രൂപാ വീതം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 17.04.09 ലെ സ.ഉ. (എം.എസ്) നം. 34/09 പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള മെസ് ചാർജ്ജും 13.5.10 ലെ സ.ഉ (എം.എസ്) നം. 55/10 പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള മറ്റ് അലവൻസുകളും നൽകി വരുന്നുണ്ട്. അലവൻസുകൾ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ ആധുനിക രീതിയിലുള്ള പാചക സംവിധാനങ്ങളും പാചകക്കാർക്ക്പരിശീലനവും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഭൂരിഭാഗം ഹോസ്റ്റലുകളിലും ആധുനിക രീതിയിലുള്ള പാചക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പാചകക്കാർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മുഴുവൻ സമയ വാർഡന്മാർ നിലവിൽ ഹോസ്റ്റലുകളിൽ ഡ്യൂട്ടിയിലുണ്ടോ; | (സി) യും (ഡി) യും (ഇ) യും | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ വാർഡൻമാർ 24 മണിക്കൂറും ജോലി ചെയ്തുവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സൂവാർഡ് തസ്തികയിലുള്ളവർ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയും ജോലി ചെയ്തു വരുന്നു. അതിനുശേഷം റസിഡന്റ് ട്യൂട്ടർക്കാണ് ഹോസ്റ്റലിന്റെ ചുമതലയുള്ളത്.<br>പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വാർഡന്മാരുടെ തസ്തിക നിലവിൽ ക്ലാർക്കുമാരുടെ അഡീഷൻ ട ദ കേഡറാണ്. വാർഡന്റെ ജോലിസമയം രാവിലെ 6 മുതൽ 11 വരെയും വൈകിട്ട് 4 മുതൽ 9 വരെയും ആണ്. കൂടാതെ രാത്രി സമയം മുഴുവനും വാർഡൻ ഹോസ്റ്റലിൽ തന്നെ ഉണ്ടായിരിക്കേണ്ടതുമാണ് എന്നാണ് നിലവിലുള്ള നിർദ്ദേശം.<br>ഹോസ്റ്റൽ വാർഡന്മാരുടെ ഡ്യൂട്ടി സമയം പുന:ക്രമീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഹോസ്റ്റൽ വാർഡന്മാരുടെ ഡ്യൂട്ടി സമയം പുന:ക്രമീകരിക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; | | |
| (ഇ) | നിലവിൽ ഹോസ്റ്റൽ വാർഡന്മാരുടെ ജോലി സമയത്തിന്റെ വിവരങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ